അനധികൃത കുടിയേറ്റം, നാല് ബംഗ്ലാദേശികൾ അറസ്റ്റിൽ. ചെറായി, മുനമ്പം ഭാഗങ്ങളിൽ അനധികൃതമായി താമസിച്ചിരുന്ന മുഹമ്മദ് റഫീഖ് (32) ദശരഥ് ബാനർജി (ഷൈൻ 36), സഹിൻ ഖാസി (32), രേഷ്മ (ഷബാന ബീബി 32 ) എന്നിവരെയാണ് മുനമ്പം പോലീസ് അറസ്റ്റ് ചെയ്തത്. ജില്ലാ പോലീസ് മേധാവി വിവേക് കുമാറിന് ലഭിച്ച രഹസ്യ വിവരത്തെ തുടർന്ന് ഡി.വൈ.എസ്.പി എം.കെ.മുരളിയുടെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണ സംഘമാണ് ഇവരെ പിടികൂടിയത്.